**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4411** 19.10.2011 – ൽ മറുപടിയ്ക്ക്

**മണ്ണ് സംരക്ഷണ പദ്ധതികൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികൾ ഒരോ ജില്ലയ്ക്ക് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | മണ്ണൊലിപ്പിന്റെ രൂക്ഷത കണക്കിലെടുത്ത് ഏറ്റവും സംരക്ഷണം ആവശ്യമുള്ള പ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ ഏറ്റെടുത്തുകൊണ്ട് പ്രസ്തുത പ്രദേശത്തേയ്ക്ക് നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കി, ജില്ലകളിൽ നിന്നു സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്, പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുവാനായി സമർപ്പിക്കുന്നത്. ഓരോ വർഷവും അനുവദിക്കുന്ന സെക്ടറൽ അലോക്കേഷൻ അനുപാതവും, നബാർഡ് പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുന്നതിന്റെയും അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കുവാൻ വകുപ്പിന് അനുമതി നൽകുന്നത്. |
| (ബി) ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തൃശൂർ ജില്ലയിൽ നടപ്പാക്കിയ മണ്ണു സംരക്ഷണ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ആർ.ഐ.ഡി.എഫ് 15-ാം ഘട്ടത്തിൽ ഉൾപ്പെട്ട 78.79 ലക്ഷം രൂപ പദ്ധതി അടങ്കൽ വരുന്ന ആറ്റുപുറം നീർത്തട പദ്ധതിയാണ് തൃശൂർ ജില്ലയിൽ കഴിഞ്ഞ വർഷം നടപ്പിലാക്കിയത്. 2010-11 സാമ്പത്തിക വർഷം ഈ പദ്ധതിയിൻകീഴിൽ 10.05 ലക്ഷം രൂപ ചെലവഴിച്ച് 57.93 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ